61 (1167) വെള്ളപ്പൊക്ക നിവാരണത്തിനും തീരദേശ മേഖലാ സംരക്ഷണത്തിനും ഉള്ള പദ്ധതി

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. കെ.എ. ചന്ദ്രൻ :
ശ്രീ. പി.ജെ. ഫ്രാൻസിസ് :
ശ്രീ. കെ. മുഹമ്മദാലി :
ശ്രീ. എ.കെ. മണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വെള്ളപ്പൊക്ക നിവാരണത്തിനും തീരദേശമേഖലാ സംരക്ഷണത്തിനും സജീവ പരിഗണന നൽകുന്ന പദ്ധതികൾ ഈ വർഷം നടപ്പാക്കാൻ ഉദ്ദേശമുണ്ടോ;

(ബി) എങ്കിൽ ഇതിനുവേണ്ടി തയ്യാറാക്കുന്ന പദ്ധതിയുടെ വിശദാംശം വെളിപ്പെടുത്തുമോ;

(സി) കടലാക്രമണ നിരോധന പ്രവർത്തനങ്ങൾക്ക് ഈ സാമ്പത്തികവർഷം എന്ത് തുക വകയിരുത്തിയിട്ടുണ്ട് എന്ന് അറിയിക്കുമോ?

ഉത്തരം

(എ)&(ബി)കേരളത്തിന്റെ തീരപ്രദേശത്ത് വർഷകാലങ്ങളിൽ ഉണ്ടാകുന്ന കടലാക്രമണംമൂലം വർഷംതോറും ഉണ്ടാകുന്ന ദുരിതങ്ങൾക്കും നാശനഷ്ടങ്ങൾക്കും ശാശ്വത പരിഹാരമായി ഇനി കടൽഭിത്തി നിർമ്മിക്കാനുള്ള 86 കിലോമീറ്റർ ഭാഗത്ത് പുതിയ കടൽഭിത്തി നിർമ്മിക്കുന്നതിനും, 37.40 കി.മീറ്റർ ദൂരം കടൽഭിത്തിയുടെ പുനരുദ്ധാരണം ഉൾക്കൊള്ളിച്ചുകൊണ്ടും 307.70 കോടി രൂപയുടെ പ്രൊട്ടക്ഷൻ ഓഫ് കേരള സീ കോസ്റ്റ് എന്ന പേരിൽ ഒരു പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. ആയതിന് കേന്ദ്രഗവൺമെന്റിന്റെ അംഗീകാരവും സാമ്പത്തികസഹായവും ലഭിക്കേണ്ടതായുണ്ട്. പുതിയ കടൽഭിത്തികളുടെ പണിയും അറ്റകുറ്റപ്പണികളും ഫണ്ടിന്റെ ലഭ്യതയനുസരിച്ച് നടത്തുന്നുണ്ട്.

വെള്ളപ്പൊക്കത്തിന്റെ രൂക്ഷത കുറയ്ക്കുവാനും വെള്ളപ്പൊക്കക്കെടുതികൾ നിയന്ത്രിക്കുവാനും ലക്ഷ്യമിട്ടുകൊണ്ട് നദികളിലും, തോടുകളിലും താഴെപ്പറയുന്ന വെള്ളപ്പൊക്ക നിയന്ത്രണ പ്രവർത്തനങ്ങളാണ് പ്രധാനമായും ഇറിഗേഷൻ വകുപ്പ് നടപ്പിലാക്കിവരുന്നത്.

1) ജലനിർഗ്ഗമനത്തിന് പ്രയാസം നേരിടുന്ന ഭാഗങ്ങളിൽ ജലാശയങ്ങളുടെ ആഴവും വീതിയും വർദ്ധിപ്പിച്ച് നീരൊഴുക്ക് സുഗമമാക്കുന്നു.

2) നദീമുഖങ്ങളിൽ അടിഞ്ഞുകൂടിയിരിക്കുന്ന എക്കലും മണ്ണും നീക്കം ചെയ്ത് നദീമുഖങ്ങളുടെ വ്യാപ്തി വർദ്ധിപ്പിച്ച് കടലിലേക്കുള്ള നീരൊഴുക്ക് സുഗമമാക്കുന്നു.

3) അമിതമായി കരയിടിച്ചിൽ ഭീഷണിയുള്ള പ്രദേശങ്ങളിൽ കരയുടെ സംരക്ഷണത്തിനായി ജലാശയങ്ങളുടെ പാർശ്വങ്ങളിൽ സംരക്ഷണഭിത്തി കെട്ടുകയും, ഫ്ളഡ് ബണ്ടുകൾ നിർമ്മിക്കുകയും ചെയ്യുന്നു.

ഈ പ്രവൃത്തികൾ ഫണ്ടിന്റെ ലഭ്യതയനുസരിച്ച് നടത്തിവരുന്നു.

(സി) ഈ സാമ്പത്തികവർഷം വകയിരുത്തിയിട്ടുള്ള തുക ചുവടെ ചേർക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

4711-02-103-99-എ.എസ്.ഇ. സിവിൽ വർക്സ് (പ്ലാൻ) - 561.90 ലക്ഷം രൂപ

2711-02-103-99 മെയിന്റനൻസ് ഓഫ് എ.എസ്.ഇ.(പ്ലാൻ) - 163.30 ലക്ഷം രൂപ

2711-02-103-99 മെയിന്റനൻസ് ഓഫ് എ.എസ്.ഇ.(നോൺ പ്ലാൻ)-350.62 ലക്ഷം രൂപ.

62 (1168) ഭൂഗർഭ ജലസമ്പത്ത്

ശ്രീ. കെ.ടി. കുഞ്ഞഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജല സേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ ഭൂഗർഭ ജലസമ്പത്തിനെപ്പറ്റി പഠനം നടത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ ,എത്ര കാലത്തെ ഉപയോഗത്തിനുള്ള ഭൂഗർഭജലം കേരളത്തിൽ ഉണ്ടെന്നാണ് കണക്കാക്കിയിട്ടുള്ളത്;

(സി) ഭൂഗർഭജലം ഉപയോഗപ്പെടുത്താൻ ഇപ്പോൾ എന്തെല്ലാം പദ്ധതികളാണുള്ളത് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഭൂജലവികസനം ഖനനമല്ലാത്തതിനാലും, കാലാകാലങ്ങളിൽ ഭൂജല സംപോഷണം നടക്കുന്നതിനാലും ഇപ്പോൾ ഭൂജലലഭ്യത മെച്ചമായതിനാലും, എത്ര വർഷത്തേക്ക് ലഭ്യമാകും എന്ന് തിട്ടപ്പെടുത്തിയിട്ടില്ല. 1998-ലെ കണക്ക് പ്രകാരം സംസ്ഥാനത്ത് 7900 മില്യൻ ക്യൂബിക് മീറ്റർ ഭൂജലം ലഭ്യമാണ് എന്ന് ഗ്രൗണ്ട്വാട്ടർ എസ്റ്റിമേഷൻ കമ്മിറ്റി കണക്കാക്കിയിട്ടുണ്ട്.

(സി) 1. ഭൂജല പര്യവേഷണവും വികസനവും

2. ഭൂജലത്തിന്റെ നിയന്ത്രണത്തിനും ക്രമീകരണത്തിനുമുള്ള പദ്ധതി

3. സാമൂഹ്യ ജലസേചന പദ്ധതി

4. കേരള ഫെയിൽഡ് വെൽ കോമ്പൻസേഷൻ പദ്ധതി.

5. ഹൈഡ്രോളജി പ്രോജക്ട്

എന്നീ പദ്ധതികളാണ് ഭൂഗർഭജലം ഉപയോഗപ്പെടുത്തുവാനായി നിലവിലുള്ളത്. ഇതുകൂടാതെ കുടിവെള്ളത്തിനും ജലസേചനത്തിനുമായി കുഴൽക്കിണറുകൾ നിർമ്മിക്കുന്നതിനുള്ള രണ്ട് പദ്ധതികളായ 1) ജനകീയ ജലസേചന പദ്ധതി (ജെ.ജെ.പി.)

2) കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് കുഴൽക്കിണർ നിർമ്മിക്കുന്നതിനുള്ള പദ്ധതി എന്നിവ 1996-97 മുതൽ ജില്ലാ പഞ്ചായത്തുകൾക്ക് കൈമാറി. ഇവയ്ക്ക് ആവശ്യമായ എല്ലാവിധ സാങ്കേതിക സഹായങ്ങളും ഇപ്പോൾ ഭൂജലവകുപ്പ് നൽകിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly